വിട്ടുകൊടുക്കപ്പെട്ട സ്ഥലത്തിന്റെ ചുറ്റുമതിലിന്റെ പണി ഭാഗികമായി നിർത്തിവച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. മുമ്പ് ഉപയോഗിച്ചുകൊണ്ടിരുന്ന വർക്ക്ഷോപ്പ് ഇപ്പോൾ കോളേജിന്റെ വർക്ക്ഷോപ്പായി ഉപയോഗിച്ചുവരികയാണ്. ഇതിനു സമീപമായുള്ള ഒന്നര ഏക്കറോളം വരുന്ന സ്ഥലത്താണ് കോളേജിന്റെ പ്രധാന കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്താണ് വർക്ക്ഷോപ്പിലെ 'സ്ക്രാപ്പ്' നിക്ഷേപിക്കുന്നത്. കൂടാതെ ഒരു പെയിന്റിംഗ് ഷെഡും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആകയാൽ പ്രധാന കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലം എഞ്ചിനീയറിംഗ് കോളേജിനായി വിട്ടുകൊടുത്താൽ വർക്ക്ഷോപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുവാൻ ഇടയുണ്ട്. ചുറ്റുമതിൽ കെട്ടി അതിർത്തി വേർതിരിക്കാൻ കഴിയാത്തതും ഈ തർക്കം മൂലമാണ്. കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക്ഷോപ്പിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതെ തന്നെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ചർച്ചകൾ നടന്നുവരുന്നു. താമസം വിനാ നടപടികൾ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കോളേജ് തുടങ്ങാൻ തീരുമാനിച്ച കാലത്ത് അത് കെ.എസ്.ആർ.ടി.സി.യുടെ കോളേജ് എന്നുള്ള നിലയിലാണ് തുടങ്ങാൻ കഴിഞ്ഞത്. പിന്നീട് അതിനെ സംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അത് കെ.എസ്. ആർ.ടി.സി.ക്കു കൂടി പ്രാതിനിധ്യമുള്ള ഒരു സൊസൈറ്റിയുടെ വകയായി മാറുകയുണ്ടായി. ഇതിനിടയിൽ കോളേജ് അഡ്മിഷനുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി ഉണ്ടായപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മക്കൾക്ക് സംവരണം നൽകാൻ കഴിയാത്ത ഒരവസ്ഥാവിശേഷമുണ്ടായി. അങ്ങനെ ജീവനക്കാരുടെ ഇടയിൽ ഇതുസംബന്ധിച്ച് ആശങ്കയും പ്രതിഷേധവുമുണ്ടായിട്ടുണ്ട്. ഇതാണ് ഈ പ്രശ്നം പരിഹരിക്കുന്നതിന് തടസ്സമായി നിന്നിട്ടുള്ളത്. വീണ്ടും കോളേജിന്റെ ഗവേണിംഗ് ബോഡി കൂടി ജീവനക്കാരുടെ മക്കൾക്ക് സംവരണം നൽകണമെന്ന് ശുപാർശ ചെയ്ത് ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ ഉള്ളവരുടെ ഒരു ചർച്ച നടത്തുകയുണ്ടായി. പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു വരികയാണ്; അതിന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുന്നത് ബഹുമാനപ്പെട്ട എം.എൽ. എ.യ്ക്കു തന്നെയാണ്.

(30) കൊല്ലം ശ്രീനാരായണ കോളേജ് വിദ്യാർത്ഥിയ്ക്കു നേരെയുള്ള ഭീഷണി

<u>ശ്രീ. അടൂർ പ്രകാശ്</u> : കൊല്ലം ശ്രീ നാരായണാ കോളേജിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. കൊല്ലം ശ്രീ നാരായണ കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പു കഴിഞ്ഞിട്ട് മാസങ്ങളായി, ആ തെരഞ്ഞെടുപ്പിൽ കോളേജ് യൂണിയൻ ചെയർമാനായി വിജയിച്ചത് കെ.എസ്.യു. വിദ്യാർത്ഥിയായ ശ്രീ. എം.എം. സജീവ് കുമാറാണ്. 366 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ആ വിദ്യാർത്ഥിക്ക് കോളേജിൽ ഇപ്പോൾ പ്രവേശിക്കുവാൻ അനുമതി കിട്ടുന്നില്ല. സത്യപ്രതിജ്ഞ ചെയ്യുവാൻ കഴിയുന്നില്ല. ഏതാനും ചില സാമൂഹ്യവിരുദ്ധന്മാർ ആ വിദ്യാർത്ഥിയെ ആ കോളേജിൽ ചെല്ലുന്നതിൽ തടസ്സപ്പെടുത്തുന്നു. ആ കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

യുടെ വീട്ടിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ഏതാനും പ്രവർത്തകന്മാർ ചെന്നിട്ട് ആ കുട്ടിയുടെ.....ബഹളം.....മാതാവിനോട് കുട്ടിയെ കോളേജിൽ അയച്ചാൽ മകനെ തിരികെ കിട്ടില്ല..... ബഹളം.....

മി. സ്പീക്കർ : ഇതിനുവേണ്ടിയല്ല അനുവദിച്ചത്. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ പ്രശ്നം ഉന്നയിക്കാനും മന്ത്രിയുടെ മറുപടിക്കും വേണ്ടിയാണ് ചെയർ അനുവദിച്ചത്. കാരണം, അവസാനത്തെ ദിവസമാണ് കാര്യം ഉന്നയിച്ച് ഒരു വാക്ക് പറയട്ടെയെന്ന് വിചാരിച്ചാണ് അനുവദിച്ചത്.

ശ്രീ. അടൂർ പ്രകാശ് : സർ, ഒരു വാക്ക് ഞാൻ പറഞ്ഞോട്ടെ,

മി. സ്പീക്കർ : അങ്ങനെ അനുവദിക്കാൻ പറ്റില്ല..... ബഹളം..... പ്ലീസ്.....ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി അതിനെക്കുറിച്ച് പറയും, ആ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം മറുപടി പറയും.....ബഹളം..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി.....പ്ലീസ്..... ചെയറിനോട് സഹകരിക്കുക.....ബഹളം..... ഇത് അനുവദിക്കുകയില്ലായിരുന്നല്ലോ.....ബഹളം..... ..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി..... ബഹളം..... ശ്രീ. അടൂർ പ്രകാശ് ..... ബഹളം..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി..... ..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി..... ബഹളം.....പ്ലീസ്, പ്ലീസ്, പ്ലീസ് അത് ശരിയല്ല..... ശ്രീ. അടൂർ പ്രകാശ്, നിങ്ങൾക്ക് ഒരു പ്രത്യേക സൗകര്യം ചെയ്തു തരുമ്പോൾ അത് പ്രയോജനപ്പെടുത്തുകയെന്നുള്ളതല്ലാതെ..... ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി .....ബഹളം..... ഇങ്ങനെയായിരുന്നെങ്കിൽ ഞാൻ അത് പരിഗണിക്കുകയില്ലായിരുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കൊല്ലം എസ്.എൻ. കോളേജ് ക്രിസ്മസ് പ്രമാണിച്ച് അടച്ചതാണ്. ഇത് കഴിയുമ്പോൾ തുറക്കുമെന്നാണ് എന്റെ പ്രതീക്ഷ. അല്ലാതെ അടച്ചിട്ടില്ല. അവിടത്തെ പ്രശ്നങ്ങൾ തീർക്കാൻ ചില ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നലെയും ഞാൻ ചർച്ച ചെയ്തു. അത് പരിഹരിക്കപ്പെടുമെന്നാണ് എന്റെ വിശ്വാസം. അതോടുകൂടി അവിടെ നിലനിൽക്കുന്നതല്ല എല്ലാ പ്രശ്നങ്ങളും തീരുമെന്നാണ് എന്റെ പ്രതീക്ഷ.

VII. മേശപ്പുറത്തുവച്ച കടലാസുകൾ

1. Chief Minister (Shri. E.K. Nayanar) : Sir, I lay on the Table:
   1. G.O.(MS)No.14/99/PR. dated 10th November, 1999 (S.R.O. NO. 946/99).
   2. Report of Shri Justice V. Bhaskaran Nambiar, Commission of Inquiry appointed to enquire into the Sivagiri incidents on 11-10-1995 together with the Memorandum of Action taken by Government thereon.

II. Minister for Education and Works (Shri. P.J. Jospeh) : Sir, I lay on the Table:

Notification No.A2-2717/98/TBO dated 17th September, 1999

LIBRARY ARCHIVES Kerala Legislative Assembly